കേരള സ® ക്കാ®

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഉഴവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോ® ട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയി® : doktm.ksad@kerala.gov.in
ഫോ® : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ : കെ.എസ്.എ.കെ.ടി.എം.പി.4/2280/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/11/2022
ഇ-മെയിൽ :
doktm.ksad@kerala.gov.in
ഫോൺ : 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉഴവൂർ ഗ്രാമപഞ്ചായത്ത്

സർ ,

വിഷയം : ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ : കെ.എസ്.എ.കെ.ടി.എം.പി.4/2280/2022 തീയ്യതി: 22/11/2022

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽ കിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾ പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽ മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽ കിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾ പ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽ കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾ പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ :

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബീനാകുമാരി സി ആർ	ഡെപ്യൂട്ടി ഡയറക്ടർ	25-10-2022	01-11-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-10-2022	01-11-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

ശ്രീമതി ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ
ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോഷി തോമസ്, ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

(ബി)നിർ വഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.പ്രസാദ് കെ.ആർ	സെക്രട്ടറി	01-04-2021	31-05-2021
ശ്രീ.അനിൽകുമാർ റ്റി.എസ്.	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2021	27-06-2021
ശ്രീ.സുനിൽ എസ്.	സെക്രട്ടറി	28-06-2021	31-03-2022
ശ്രീ.ജോണിസ് പി.സ്റ്റീഫൻ	പ്രസിഡന്റ്	01-04-2021	31-03-2022

നിർ വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഹാരിസ് എം.	കൃഷി ഓഫീസർ	01-04-2021	11-01-2022
ശ്രീ.ഡെന്നീസ് ജോർജ്	കൃഷി ഓഫീസർ	12-01-2021	10-02-2022
ശ്രീ.ഹാരിസ് എം.	കൃഷി ഓഫീസർ	11-02-2022	21-02-2022
ശ്രീ.ഡെന്നീസ് ജോർജ്ജ്	കൃഷി ഓഫീസർ	22-02-2022	31-03-2022
ഡോ.ശ്രീനാഥ് ഡി.എസ്.	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി സൗമ്യ സെബാസ്റ്റ്യൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	31-03-2022
ഡോ.ജെസ്സി ജോയി സെബാസ്റ്റ്യൻ	മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.	01-04-2021	31-03-2022
ഡോ.സജേഷ് മാത്യു	മെഡിക്കൽ ഓഫീസർ-ആയുർവേദം	01-04-2021	31-03-2022
ഡോ.ശാലിനി ശിവദാസ്	മെഡിക്കൽ ഓഫീസർ-ഹോമിയോ	01-04-2021	31-03-2022
ശ്രീമതി ലിഷ പി.ജോസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മോനിപ്പള്ളി	01-04-2021	31-03-2022
ശ്രീ.കപിൽ കെ.എ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഉഴവൂർ	01-04-2021	31-03-2022

ശ്രീമതി അഞ്ജന ആർ.നായർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2021	30-11-2021
ശ്രീമതി ശ്രീവിദ്യ എൽ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-12-2021	31-03-2022
ശ്രീ.അനിൽകുമാർ ടി.എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022
ശ്രീമതി.പ്രേമോൾ ദാസ്	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2021	31-03-2022
ശ്രീ.സനീഷ് കെ.ബി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	31-03-2022
ശ്രീമതി സൂസി വർഗീസ്	ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്.മോനിപ്പള്ളി	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	ദേശീയതൊഴിലുറപ്പു പദ്ധതി	1-6
7	സാമൂഹ്യക്ഷേമപദ്ധതികൾ	1-7
8	ക്യാഷ് വെരിഫിക്കേഷൻ	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയില്ല	1-11
12	റോഡ് തെറ്റായി രേഖപ്പെടുത്തി നികുതി കുറവായി നിർണയിച്ചു	1-12
13	തൊഴിൽ നികുതി അടവാക്കിയില്ല	1-13
14	ലേല തുക പൂർണ്ണമായും അടവാക്കിയിട്ടില്ല	1-14
15	വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല	1-15
16	മരുന്ന് പൂർണ്ണമായും ലഭ്യമായില്ല	1-16
17	സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണ്ണീച്ചർ - കൈമാറിയില്ല.	1-17
18	തുല്യതാപരീക്ഷയ്ക്ക് ധനസഹായം - ഗുണഭോക്തൃലിസ്റ്റിലില്ല.	1-18
19	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റിലില്ല.	1-19
20	പോത്ത്കുട്ടി വിതരണം - ഗുണഭോക്തൃലിസ്റ്റിലില്ല.	1-20
21	സാക്ഷരതാ പ്രേരകിന് നൽകിയ ഹോണറേറിയം തുക തിരികെ ലഭിയ്ക്കേണ്ടത് സംബന്ധിച്ച്	1-21
22	പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല	1-22
23	മത്സ്യകൃഷി - ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയില്ല	1-23
24	റിംഗ് കമ്പോസ്റ്റ് വിതരണം- അപാകതകൾ	1-24
25	കിച്ചൺ ബിൻ വിതരണം- ഗുണഭോക്തൃവിഹിതം തിരികെ നൽകിയില്ല	1-25
26	കന്നുകുട്ടിപരിപാലനം - അപാകതകൾ	1-26
27	വരുമാനസർട്ടിഫിക്കറ്റ് പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു	1-27
28	പഠനമുറിക്ക് ധനസഹായം- നിർമ്മാണം പൂർത്തിയാക്കിയില്ല.	1-28
29	ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും അജൈവ മാലിന്യ സംസ്ക്കരണവും	1-29
30	വിനിയോഗവിവരം ലഭ്യമാകാത്ത ഡെപ്പോസിറ്റ് വർക്കുകൾ.	1-30
31	ക്യാൻ കോട്ടയം, ഫിറ്റ് കോട്ടയം - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-31
32	ബാരൽവിലയിനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കാത്തത് സംബന്ധിച്ച്	1-32
33	എം ബുക്കുകളുടെ പരിപാലനത്തിലെ അപാകത	1-33
34	നെടുമ്പാറ ടൂറിസം പ്രോജക്ട്- ഭൂമി ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല, ആസ്തി സംരക്ഷണ പദ്ധതി -സംബന്ധിച്ച്	1-34
35	അംഗൻവാടി നിർമ്മാണം - കമ്മറ്റി തീരുമാനങ്ങളുടെ തുടർനടപടി കൈക്കൊണ്ടിട്ടില്ല.	1-35
36	കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.	1-36
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 16.02.2022 തീയതിയിലെ 1/1 നം. തീരുമാനപ്രകാരം പുതുക്കിഅംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ്ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	5151459	20067350
വരവ്	147414500	59388042
ആകെ	152565959	79455392
ചെലവ്	147339200	60697414
നീക്കിയിരിപ്പ്	5226759	18757978

ബജറ്റ് പ്രകാരം 14.74 കോടി രൂപയുടെ പ്രതീക്ഷിത വരവും 14.73 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 10.26 കോടി രൂപയും ചെലവ് 10.70 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 25.01.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 2,00,67,350/- രൂപയും തൻവർഷ വരവ് 5,93,88,042/- രൂപയും തൻവർഷ ചെലവ് 6,06,97,414/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 1,87,57,978/- രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 10,26,69,735/- രൂപയും ആകെ ചെലവ് 10,70,91,189/- രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) B-4 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

3) ഡി & ഒ ലൈസൻസ്, വാടക എന്നിവയുടെ കുടിശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) B -9 ഷെഡ്യൂളിൽ സർക്കാറിലേയ്ക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

6) നിർമ്മൽ പുരസ്കാര ഇനത്തിലുള്ള നീക്കിയിരിപ്പ് 40(B) യിലും ബാലൻസ് ഷീറ്റിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

7) സി.എഫ്. സി ബാലൻസ് തുക, ബാലൻസ് ഷീറ്റിലും, RP40(B)യിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	2,00,67,350
ഓഡിറ്റ് വർഷത്തെ വരവ്	5,93,88,042
ആകെ	7,94,55,392
ഓഡിറ്റ് വർഷത്തെ ചെലവ്	6,06,97,414
നീക്കിയിരിപ്പ്	1,87,57,978
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2840511

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	0	9913817	9913817	9801000	112817
വികസനഫണ്ട് എസ്.സി.പി.	0	2800723	2800723	2733000	67723
വികസനഫണ്ട് ടി.എസ്.പി.	0	90339	90339	80000	10339
സംരക്ഷണഗ്രാന്റ് റോഡ്	0	19791000	19791000	16142256	3648744
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	4870979	4870979	3251254	1619725
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	0	4971433	4971433	2732939	2238494
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	0	2310399	2310399	1677097	633302
തൊഴിലുറപ്പ് പദ്ധതി	237055	17194668	17431723	17431058	665
ഐ.സി.ഡി.എസ്	133520	424000	557520	429401	128119
ശുചിത്വമിഷൻ ഗ്രാന്റ്	60295	96000	156295	96000	60295
ടി.എസ്.സി	760614	0	760614	572453	188161
എസ്.എസ്.എ	762	20	782	0	782
സാക്ഷരത	710	28	738	0	738

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് പൊതുവിഭാഗത്തിൽ 112817 രൂപയും എസ് സി പിയിൽ 67723 രൂപയും ടി എസ് പിയിൽ 10339 രൂപയും ഇപ്രകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 35319രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന ഉത്തരവ് പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
07/10/2021 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) .6591/2021/ഫിൻ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ മൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ടൈഡ് ഇനത്തിൽ ഇപ്രകാരം 2234433രൂപയും ബേസിക്ക് ഗ്രാന്റ് ഇനത്തിൽ 455806 രൂപയും അധിക അലോട്ട് മെന്റ് ലഭിച്ചു. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും(സൗത്ത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നം. 0323053000056989) മൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 29593 /- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക2842203 /- രൂപയിൽ 783367/- രൂപ ബാങ്കിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ട്രഷറി അലോട്ട്മെന്റായി ലഭിച്ച തുകയിൽ ചെലവഴിക്കാത്ത 2058836/- രൂപയാണ് പഞ്ചായത്തിന് ലാപ്സായത്.

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി ,റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1396115 രൂപ, 165658 രൂപ ,18427 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സൂലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സൂലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

3. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ ,ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
190	68700515	158	42600165	28	62

2021-22 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 818981/DPC/DPO/KTM തീയതി 25.03.2022പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 25.01.2021-12.02.2021 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 08.02.2021 മുതൽ 10.02.2021 വരെയുള്ള തീയതികളിലും വികസനസെമിനാർ 15.02.2021 തീയതിയിലും കൂടിയിട്ടുണ്ട്. കൂടാതെ ഭിന്നശേഷി ഗ്രാമസഭ 11.02.2021 ലും ഊരുകൂട്ടം 08.02.2021 തീയതികളിലും ചേർന്നിട്ടുണ്ട്. 17.02.2021 1(1) നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതികൾക്ക് ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ മേൽനോട്ട ചുമതല ഫലപ്രദമായി നിർവ്വഹിച്ചില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷിഓഫീസർ	5	5	1629304	993056	60
വെറ്ററിനറിസർജൻ	6	6	2574800	1394200	54
മെഡിക്കൽ ഓഫീസർ(പി.എച്ച്. സി)	3	3	699000	677950	97
മെഡിക്കൽ ഓഫീസർഹോമിയോ	2	2	320000	320000	100
മെഡിക്കൽ ഓഫീസർ ആയുർവേദം	2	2	344680	334680	100
ഫിഷറീസ് സബ്ഇൻസ്പെക്ടർ	1	1	196800	29440	15
വി.ഇ.ഒ I	8	8	14124541	5182997	37
വി.ഇ.ഒ II	9	9	3474149	2302514	67
ഐ.സി.ഡി.എസ് സൂപ്പർവൈസർ	7	7	5903492	4145957	70
സെക്രട്ടറി	42	37	11185563	6640223	59
ഹെഡ് മാസ്റ്റർ	4	4	630319	600319	95
അസിസ്റ്റന്റ് എഞ്ചിനീയർ	95	69	24886589	18541477	74
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	1	1	1000000	850802	85
അസിസ്റ്റന്റ് സെക്രട്ടറി	5	4	1054550	586550	51
ആകെ	190	158	68700515	42600165	62

1-6 ദേശീയതൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം വർഷം 178 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 226 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 126 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 87-പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 33504 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ട 496 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി, തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്, മഴക്കുഴി, തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ, തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ് വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	16629588	16629588	16629588	0
ഭരണചെലവ്	237055	565080	802135	801470	665
ആകെ	237055	17194668	17431723	17431058	665

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കും ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടർ ന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

1-7 സാമൂഹ്യക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാലപെൻഷൻ	18032700	1263
കർഷകതൊഴിലാളി പെൻഷൻ	2547800	162
വിധവാപെൻഷൻ	7284800	471
50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	497200	36
വികലാംഗപെൻഷൻ	3270700	210
വിധവകളായ സ്ത്രീകളുടെ മക്ക® ക്ക് ധനസഹായം	30000	1

1-8 ക്യാഷ് വെരിഫിക്കേഷൻ®

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പരിശോധന നി® വ്വഹിച്ച തീയതി/സമയം	ക്യാഷ് (Rs.)	ഡി.ഡി/ ചെക്ക്	റിമാ® ക്സ്
25.10.2022 03.00 PM	7931/-	ഇല്ല	കൃത്യത ബോധ്യപ്പെട്ടു

1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണം നിലനിൽക്കുന്നു. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്. 01.04.2022 മുതൽ ILGMS സംവിധാനം നിലവിൽ വന്നതിനെത്തുടർന്ന് ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പൂർത്തിയായിട്ടില്ല. ILGMS സോഫ്റ്റ്വെയർ ഡെവലപ്പറായ ഐ കെ എം മായി ബന്ധപ്പെട്ട് റീകൺസിലിയേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കടിശ്ശിക അവശേഷിക്കുന്നുണ്ട്.

4) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിനും അംഗീകാരത്തിനും വിധേയമായും പ്രോക്യൂർമെന്റ് മാന്വൽ അനുസരിച്ചുമാണ് പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACR സൂക്ഷിയ്ക്കുന്നില്ല. സ്റ്റീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടുണ്ട്.

7) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	19.09.2022	2022 മാർച്ച്	ലഭിച്ചിട്ടില്ല

		വരെ	
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	13.12.2018 മുതൽ 27.12.2018 വരെ	2013-14 മുതൽ 2017-18 വരെ	എൽ ബി എ എച്ച്കൃ/11/1/8ബി169/2018-19/308 തീയതി. 21.01.2019

1-11 തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയില്ല

2021-22 വർഷം വസ്തനികുതി നിർണയിച്ച താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് വസ്തനികുതി നിർണയിച്ചപ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പട്ടിക 6 പ്രകാരമുള്ള മേൽത്തരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്താതെ നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം/ കെട്ടിട ഉടമ	വിസ്തീർണ്ണം(ച.മീ.)	കെട്ടിടത്തിന്റെ ഉപയോഗക്രമം	റിമാർക്സ്
1	13/12 ബി, മെറ്റിൽഡ ജോർജ്, നടുവിലേടത്ത്	271.91	പാർപ്പിടാവശ്യം	കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫോം 2 ൽ രേഖപ്പെടുത്തലില്ല
2	10/192 എ, ജോസഫ് കപ്പുകാലായിൽ	278.35	പാർപ്പിടാവശ്യം	കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫോം 2 ൽ രേഖപ്പെടുത്തലില്ല
3	13/394 ബി, ആനന്ദ് ടി.കെ., തടത്തിൽ	285.36	പാർപ്പിടാവശ്യം	കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫോം 2 മേൽത്തരം വസ്തുകൊണ്ടുള്ള തറ നിർമാണം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു
4	9/230 എഫ്, സിബു കര്യൻ, ചിറക്കര	350.38	പാർപ്പിടാവശ്യം	കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫോം 2 മേൽത്തരം വസ്തുകൊണ്ടുള്ള തറ നിർമാണം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു
5	9/263 എ, ജസ്റ്റിൻ തോമസ്, പ്രോപ്പള്ളിൽ	464.59	പാർപ്പിടാവശ്യം	കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫോം 2 ൽ രേഖപ്പെടുത്തലില്ല

തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തേണ്ട വർദ്ധനവ് നികുതി നിർണയത്തിൽ വരുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്യയറി നം.22/29.10.2022) പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. ക്രമ നം.3, 4 എന്നിവയുടെ കാര്യത്തിൽ വസ്തനികുതി നിർണയത്തിനായി കെട്ടിട ഉടമയ്ക്ക് നൽകിയ ഫോം 2 ൽ മേൽത്തരം വസ്തു ഉപയോഗിച്ച് തറ നിർമ്മാണം നടത്തി എന്നു രേഖപ്പെടുത്തിയിട്ടും ആയതിന്റെ നിരക്ക് വർദ്ധന വരുത്തിയിട്ടില്ല. മറ്റ് കെട്ടടങ്ങളുടെ തറ നിർമ്മിതി സംബന്ധിച്ച് കെട്ടിട ഉടമ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലെന്നും കാണുന്നു. ആവശ്യമായ ഫീൽഡ് പരിശോധന നടത്തി വർദ്ധനവ് വരുത്തേണ്ട കെട്ടിടങ്ങളാണെങ്കിൽ നികുതി പുനർ നിർണ്ണയിച്ച് അറിയിക്കേണ്ടതാണ്.

1-12 റോഡ് തെറ്റായി രേഖപ്പെടുത്തി നികുതി കുറവായി നിർണയിച്ചു

2021-22 വർഷം വസ്തനികുതി നിർണയിച്ച താഴെ കൊടുത്തിട്ടുള്ള കെട്ടിടത്തിന് വസ്തനികുതി നിർണയിച്ചതിൽ റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്താതെ നികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നം/ ഉടമയുടെ പേര്	വിസ്തീർണ്ണം ച.മീ/ ഉപയോഗക്രമം	സഞ്ചയപ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡ്/ കെട്ടിടത്തിന് സമീപമുള്ള റോഡ്	പ്ലാൻ പ്രകാരം റോഡ്
1	10/239 ബി, ബൈജു ജേക്കബ് തൊണ്ടിപ്ലാക്കിൽ	61.37/ വാണിജ്യം	ഉഴവൂർ-പയസ് മൗണ്ട്, 1.5 മീറ്ററിൽ കൂടുതൽ	മോനിപ്പള്ളി-ഉഴവൂർ, 5 മീറ്ററിൽ കൂടുതൽ

പ്ലാൻ പ്രകാരം വഴിയുടെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നെങ്കിലും ആയത് വരുത്തിയിട്ടില്ല. വസ്തനികുതി നിർണയത്തിലെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/29.10.2022) നികുതി പുനർനിർണയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി അടവാക്കിയില്ല

പഞ്ചായത്തിലെ താഴെ കൊടുത്തിട്ടുള്ള വിവിധ കരാർ/ദിവസ വേതന ജീവനക്കാർ 2021-22 രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1.വാസന്തി ബാബു, ടൗൺ ക്ലീനിംഗ് സ്റ്റാഫ്

2. അൽഫോൻസാ ബാബു, ടൗൺ ക്ലീനിംഗ് സ്റ്റാഫ്

3.സനീഷ് സി.കെ., പാലിയേറ്റീവ് കെയർ ഡ്രൈവർ

4.റോസമ്മ ജോസ്, ടൗൺ ക്ലീനിംഗ് സ്റ്റാഫ്

5. വിജയൻ പി.ആർ , പമ്പ് ഓപ്പറേറ്റർ

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്യയറിയെ (നം.30/31.10.2022) തുടർന്ന് തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ലേല തുക പൂർണ്ണമായും അടവാക്കിയിട്ടില്ല

2021-22 വർഷം ഉഴവൂർ മാർക്കറ്റിൽ ഫീസ് പിരിയ്ക്കുന്നതിനുള്ള അവകാശം ശ്രീ.സിബി എബ്രഹാം, മോനിപ്പള്ളി എന്നയാൾ ലേല നടപടികളിലൂടെ 1,84,450/- രൂപയ്ക്ക് ഏറ്റെടുത്തു. ഈ ഇനത്തിൽ 60,958/- രൂപ കരാറുകാരൻ പഞ്ചായത്തിൽ അടവാക്കാൻ അവശേഷിയ്ക്കുന്നു. ഓഡിറ്റ് എൻ കയറി നം.16/28.10.2022 ന്

ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് വ്യാപനം മൂലം മാർക്കറ്റ് ഇറക്കാൻ കഴിയാതെ വന്നതിനാലാണ് ഇക അടയ്ക്കാൻ സാധിക്കാതെ വന്നതെന്നും 25.08.2022 ൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് കിഴിവ് അനുവദിയ്ക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും തീരുമാനം ലഭിയ്ക്കുന്ന മുറയ്ക്ക് ഇടർ നടപടി സ്വീകരിയ്ക്കുന്നതാണ് എന്നും അറിയിച്ചു. ഇടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ 5/3 നം. മുറി ബി.എസ്.എൽ .എൽ .ഓഫീസിന് വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2021 ജൂലൈ മാസം വരെ വാടക അടവാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം 71768/- രൂപ വാടകയിനത്തിൽ കുടിശ്ശികയുണ്ട്. ഓഡിറ്റ് എൽ ക്വയറി നം.15/28.10.2022 ന് ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക ഈടാക്കുന്നതിന് നിയമനടപടി ആരംഭിച്ചിട്ടുണ്ടെന്നും പൂർത്തിയാകുന്ന മുറയ്ക്ക വിവരം അറിയിയ്ക്കുന്നതാണെന്നും അറിയിച്ചു. വാടക കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

1-16 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം.,പേര്	20/22, ഉഴവൂർ എൻ.ആർ.എച്ച്.എം ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ
ചെലവ്	250000
ഫണ്ടിനം	സംരക്ഷണ ഗ്രാന്റ് (റോഡിതരം)
ബിൽ നം.	02/21-22/10.02.2022
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ-ഹോമിയോ

ഉഴവൂർ എൻ.ആർ.എച്ച്.എം ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം 250000 രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 85537 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. 164463 രൂപയുടെ മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/26.10.22) ബാക്കി തുകയ്ക്കുള്ള മരുന്ന് മുൻഗണന ക്രമം അനുസരിച്ച് ഹോംകോയുടെ ലിസ്റ്റിൽ 871-ാമത് ആണെന്നും ഉടനെ ലഭ്യമാക്കുമെന്നാണ് അന്വേഷിച്ചപ്പോൾ അറിഞ്ഞതെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. 164463 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണ്ണീച്ചർ - കൈമാറിയില്ല.

പ്രോജക്ട് നമ്പർ	220/22
ചെലവ് , ഫണ്ടിനം	174600/- , വികസനഫണ്ട് (ജനറൽ)
ബിൽ നമ്പർ , തീയതി	46/10.2.22
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

സമ്പൂർണ്ണ ഡിജിറ്റൽ പഞ്ചായത്ത് ആക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ മൂന്ന് വാർഡുകളിലെ അംഗനവാടികൾ / പൊതു ഇടങ്ങൾ കേന്ദ്രീകരിച്ച് ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുകയും ടി കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ കൈമാറുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. GEM ൽ നിന്നും മൂന്ന് ലാപ്ടോപ്പും മൂന്ന് പ്രിന്ററും വാങ്ങിയതിന് ആവലോൺ സിസ്റ്റം, കോട്ടയത്തിന് ഇൻവോയിസ് പ്രകാരം (നമ്പർ A 639/18.1.22) 174600/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ രണ്ട് ഗ്രാമകേന്ദ്രങ്ങൾക്ക് മാത്രമാണ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (11/27.10.2022) നൽകുകയുണ്ടായി. മോനിപ്പള്ളി ടൗണിൽ പുതിയ ഗ്രാമകേന്ദ്രം ആരംഭിക്കുകയും ഉപകരണങ്ങൾ കൈമാറുകയുമായിരുന്നു ലക്ഷ്യമെന്ന് സെക്രട്ടറി മറുപടി നൽകി. ഗ്രാമകേന്ദ്രങ്ങളിൽ സേവനം ചെയ്യുന്നവർക്ക് വേതനം നൽകുന്നതുമായി ബന്ധപ്പെട്ട് കോ ഓർഡിനേഷൻ കമ്മറ്റിക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും അനുകൂല നടപടി ഉണ്ടാകുന്ന മുറയ്ക്ക് പുതിയ ഗ്രാമകേന്ദ്രം ആരംഭിച്ച ശേഷം ഉപകരണങ്ങൾ കൈമാറുമെന്നും മറുപടി നൽകി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 തുല്യതാപരീക്ഷയ്ക്ക് ധനസഹായം - ഗുണഭോക്തൃലിസ്റ്റിലില്ല.

പ്രോജക്ട് നമ്പർ	191/22
ചെലവ്, ഫണ്ടിനം	15000/- , തനത്ഫണ്ട്
വൗച്ചർ നമ്പർ, തീയതി	22100950/13.12.21
നിർവ്വഹണോദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ്സ്

മേൽ പ്രോജക്ടിൽപ്പെടുത്തി തൻ വർഷം ചുവടെ ചേർക്കും പ്രകാരം 6 പഠിതാക്കൾക്ക് ഹയർസെക്കന്ററി തുല്യതാ കോഴ്സിന് രജിസ്ട്രേഷൻ ഫീസ് , അഡ്മിഷൻ ഫീസ് , കോഴ്സ് ഫീ ഇനങ്ങളിലായി 2500/- രൂപ വീതം കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടവാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	പഠിതാക്കൾ
1	അശ്വതിഗോപി, നെടുമലപ്പറമ്പിൽ
2	പ്രീതാമോൾ ദേവസ്വംപടവിൽ
3	സൗമിനി ജോസഫ്, മൽപാങ്കൽ
4	വിജിവിജയൻ, വടുതലപ്പറമ്പിൽ
5	ലില്ലി തോമസ് ചെറിയനിരപ്പേൽ
6	സൗമ്യ കെ.എസ് കളപ്പുരക്കൽ

മേൽ സൂചിത പഠിതാക്കൾ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 8/27.10.2022) നൽകുകയുണ്ടായി. അടുത്ത ഗ്രാമസഭയിൽ വെച്ച് ഗുണഭോക്തൃലിസ്റ്റിന് അംഗീകാരം വാങ്ങുമെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയത്. അപാകത പരിഹരിച്ച് വിവരം അറിയിക്കുന്നതിലേക്കായി 15000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റിലില്ല.

പ്രോജക്ട് നമ്പർ	38/22
ചെലവ് , ഫണ്ടിനം	350000/- , വികസനഫണ്ട് (എസ്.സി.പി)
ബിൽനമ്പർ , തീയതി	9/4.2.22
നിർവ്വഹണോദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ്സ്

മേൽ പ്രോജക്ടിൽപ്പെടുത്തി തൻ വർഷം 12 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ആയതിൽ 20000/- രൂപ കൈപ്പറ്റിയ അഖില റ്റി രമേഷ് പീടികപ്പറമ്പിൽ എന്ന കുട്ടിയുടെ പേര് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7/27.10.2022) നൽകുകയുണ്ടായി. പഞ്ചായത്ത് കമ്മറ്റിയുടെ നിർദ്ദേശാനുസരണമാണ് ടി കുട്ടിക്ക് ആനുകൂല്യം നൽകിയതെന്നും അടുത്ത ഗ്രാമസഭയിൽ ആയതിന്റെ സാധൂകരണം ലഭ്യമാക്കാമെന്നുമാണ് മറുപടി നൽകിയത്. അപാകത പരിഹരിക്കുന്നതിലേക്കായി 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 പോത്ത്കുട്ടി വിതരണം - ഗുണഭോക്തൃലിസ്റ്റിലില്ല.

പ്രോജക്ട് നമ്പർ	232/22
ചെലവ് , ഫണ്ടിനം	272000/- (വികസനഫണ്ട് ജനറൽ) 312000/- (ഗുണഭോക്തൃവിഹിതം)
ബിൽ നമ്പർ , തീയതി	6/11.3.22
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ

മേൽ പ്രോജക്ടിൽപ്പെടുത്തി തൻ വർഷം 37 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് 16000/- കണക്കാക്കി 8000/- രൂപ സബ്സിഡി അനുവദിച്ചു.

ക്രമ നമ്പർ	ഗുണഭോക്താക്കൾ	വാർഡ്
1	മറിയംകുര്യാക്കോസ്,കാഞ്ഞിരപ്പാറയിൽ	8
2	സജീനാ സെബാസ്റ്റ്യൻ ഇടക്കാട്ടിൽ	13
3	ഷൈനിവർഗ്ഗീസ്, പുഴക്കരച്ചിറമറ്റത്തിൽ	11

മേൽ സൂചിത ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/28.10.2022) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. ആയതിലേക്കായി 24000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 സാക്ഷരതാ പ്രേരകിന് നൽകിയ ഹോണറേറിയം തുക തിരികെ ലഭിയ്ക്കേണ്ടത് സംബന്ധിച്ച്

വൗച്ചർ നം 222100058/19.4.21, 22100048/17.4.21, 22100083/28.4.21 എന്നിവ പ്രകാരം പഞ്ചായത്തിലെ സാക്ഷരതാ പ്രേരകായ ശ്രീമതി അമ്മിണി ശിവന് 12/20, 1/21, 2/21,3/21 മാസങ്ങളിലെ ഹോണറേറിയം ഇനത്തിൽ യഥാക്രമം 15840, 7560, 7920 എന്നീ തുകകൾ തനതുഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) നം.626/2021/തസ്വഭവ തീ.26.2.21 പ്രകാരം സാക്ഷരതാമിഷൻ സർക്കാർ ഫണ്ടും സാക്ഷരതാമിഷന്റെ തനതുഫണ്ടും ലഭ്യമാകുമ്പോൾ തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രേരകുമാരുടെ ഹോണറേറിയം തനതുഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. ഹോണറേറിയം ഇനത്തിൽ തനതുഫണ്ടിൽ നിന്നും നൽകിയ 31320/- രൂപ തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/29.10.2022) തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് തനതുഫണ്ടിലെടുക്കുന്നതാണെന്ന് മറുപടി നൽകി. സാക്ഷരതാമിഷനിൽ നിന്നും തുക തിരികെ ലഭിയ്ക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങൽ- ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിലുൾപ്പെടുത്തി(നം.19/22)മെഡിക്കൽ ഓഫീസർ,KRNM ഹോസ്പിറ്റൽ, ഉഴവൂർ നിർവ്വഹണോദ്യോഗസ്ഥനായി പരിചരണ സാമഗ്രികൾ വാങ്ങുവാൻ കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുമുള്ള ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ബിൽ നം.	നൽകിയ തുക	ഉപകരണങ്ങൾ ലഭ്യമായത്	ലഭ്യമാകുവാനുള്ളത്
വികസന ഫണ്ട്(പൊതുവിഭാഗം)	07/21-22/14.01.22	56171	55730	441
	12/21-22/27.03.22	30544	19137	11407
ആകെ		86715	74867	11848

11848/- രൂപയുടെ പരിചരണ സാമഗ്രികൾ നാളിതുവരെ ലഭ്യമാകാത്തതിനുള്ള വിശദീകരണവും ലഭ്യമാകുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/27.10.22) ബാക്കി ലഭ്യമാകുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 11848 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 മത്സ്യകൃഷി - ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയില്ല

പ്രോജക്ട് നം.,പേര്	197/22, വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി
ചെലവ്	29440 (വികസന ഫണ്ട്-ജനറൽ)
ബിൽ നം.	01/2021-22/23.11.21
നിർവ്വഹണോദ്യോഗസ്ഥൻ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 2021-22 വർഷം 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ,സ .ഉ. (സാധാ)നം . 1009/2020/ത സ്വ ഭ വ / തീയതി : 29.05.2020, സർക്കുലർ നമ്പർ -ആർ സി .3/293/2020/ ത സ്വ ഭ വ / തീയതി : 12.10.2020] ഖണ്ഡിക - 8 പ്രകാരം മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസിന്റെ ഭാഗമാക്കേണ്ടതാണ്. ടി പദ്ധതിയിലെ ഗുണഭോക്താക്കൾ നടത്തിയ മത്സ്യകൃഷി ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ , ട്രഷറിയിൽ സമർപ്പിച്ച ബില്ലിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/26.10.22) ഡിപ്പോർട്ട്മെന്റ് തലത്തിൽ ഇൻഷുറൻസ് നൽകി തുടങ്ങിയിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകി. തുടർ വർഷങ്ങളിലെ പ്രോജക്ടുകളിൽ ഇൻഷുറൻസ് പരിരക്ഷ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 റിംഗ് കമ്പോസ്റ്റ് വിതരണം- അപാകതകൾ

പ്രോജക്ട് നം./തീയതി	129/22, റിംഗ് കമ്പോസ്റ്റ് വിതരണം
അടങ്കൽ	ധനകാര്യകമ്മീഷൻ ഗ്രാന്റ്-879000 ശുചിത്വ മിഷൻ വിഹിതം -439500 ഗുണഭോക്തൃ വിഹിതം -146500
ചെലവ്	ധനകാര്യകമ്മീഷൻ ഗ്രാന്റ്- 879000

ബിൽ നം.	325/19.03.22 -375000 334/23.03.22 -504000
നിർവ്വഹണോദ്യോഗസ്ഥൻ	വി.ഇ.ഒ മോനിപ്പിള്ളി

586 കുടുംബങ്ങൾക്ക് ഉറവിട മാലിന്യ സംസ്കരണം നടത്തുന്നതിന് റിംഗ് കമ്പോസ്റ്റ് വാങ്ങി നൽകുന്നതായിരുന്നു പ്രസ്തുത പദ്ധതി. ഒരു യൂണിറ്റിന് 2495 രൂപ വീതം ആകെ 1462070 രൂപ ക്വാട്ട് ചെയ്ത ദിനമിത്ര, ചെങ്ങളം സൗത്ത് എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും 365 ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് നൽകിയ വകയിൽ 879000 രൂപ ടി സ്ഥാപനത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് മാത്രം നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കളക്ഷൻ രജിസ്റ്റർ പ്രകാരം പ്രസ്തുത പ്രോജക്ടിനായി 2021-22 ൽ 443 ഗുണഭോക്താക്കളിൽ നിന്നും 250 രൂപാ വീതം ഗുണഭോക്തൃ വിഹിതം വാങ്ങിയിട്ടുണ്ട്. എന്നാൽ 365 ഗുണഭോക്താക്കൾക്ക് മാത്രമേ തൻ വർഷം റിംഗ് കമ്പോസ്റ്റ് നൽകിയതായി കാണുന്നുള്ളൂ.
2. സ.ഉ(സാധാ)3281/2018 തീ.31.12.2018 പ്രകാരം വീടുകൾക്കുള്ള കമ്പോസ്റ്റിംഗ് യൂണിറ്റുകൾക്ക് 90% സബ്സിഡി യും 10% ഗുണഭോക്തൃവിഹിതവുമാണ്. എന്നാൽ തൻ വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് മാത്രമാണ് സ്ഥാപനത്തിന് മുഴുവൻ തുകയും നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടും ആയതിൽ നിന്നും തുക നൽകിയിട്ടില്ല.

ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടും അതിൽ നിന്നും തുക നൽകാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് മാത്രം സ്ഥാപനത്തിന് തുക നൽകിയതിനും പദ്ധതിയിൽ വിഭാവനം ചെയ്ത മുഴുവൻ ഗുണഭോക്താക്കൾക്കും റിംഗ് കമ്പോസ്റ്റുകൾ ലഭ്യമാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/29.10.22) 2022-23 വർഷം സ്പിൽ ഓവറായി ടി പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും നാളിതുവരെ 501 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ബാക്കി 85 ഗുണഭോക്താക്കളുടെ വിതരണം ഉടൻ പൂർത്തീകരിച്ച് നൽകുമെന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 100% ചെലവഴിക്കും എന്ന് ഉറപ്പുള്ളതിനാലാണ് വകയിരുത്തിയ ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഴുവനും ഏജൻസിയ്ക്ക് നൽകിയതെന്നും താമസംവിനാ റിംഗ് കമ്പോസ്റ്റ് വിതരണം പൂർത്തിയാക്കി ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ചെലവഴിച്ച് രേഖകൾ ഹാജരാക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അടിയന്തിരമായി പദ്ധതി പൂർത്തിയാക്കി ഗുണഭോക്തൃവിഹിതമുൾപ്പെടെയുള്ള തുക ചെലവഴിച്ചും ധനകാര്യകമ്മീഷൻ ഗ്രാന്റ് അധികം ചെലവഴിച്ചത് ക്രമീകരിച്ചും വിവരം അറിയിക്കേണ്ടതാണ്.

1-25 കിച്ചൺ ബിൻ വിതരണം- ഗുണഭോക്തൃവിഹിതം തിരികെ നൽകിയില്ല

2019-20 വർഷം 975 ഗുണഭോക്താക്കൾക്ക് 2 ബിന്നുകൾ വീതം നൽകുന്നതിന് വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ഏറ്റെടുത്ത "കിച്ചൻ ബിൻ വിതരണം" എന്ന പ്രോജക്ടിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത Pelicon Foundation എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ഗുണഭോക്താക്കളിൽ നിന്നും 40 രൂപാ വീതം കളക്ട് ചെയ്യുകയും ചെയ്തിരുന്നെങ്കിലും സ്ഥാപനം 630 ബിന്നുകൾ മാത്രം വിതരണം ചെയ്തതിന് ശേഷം പ്രവർത്തനം നിർത്തിയ സാഹചര്യത്തിൽ ബിന്നുകൾ ലഭ്യമാകാത്ത ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതമായി ശേഖരിച്ച തുക തിരികെ നൽകുവാൻ 21.02.2022 ലെ ജനറൽ കമ്മിറ്റി അജണ്ട 1 തീരുമാനം 2 പ്രകാരം തീരുമാനം എടുത്തിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത കമ്മിറ്റി തീരുമാനം നടപ്പാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് എടുത്ത തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.20/28.10.22) ഗുണഭോക്താക്കൾ രസീത് ഹാജരാക്കുന്ന മുറയ്ക്ക് വിഹിതം തിരികെ നൽകുന്നതാണെന്ന് വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രോജക്ട് ഉപേക്ഷിക്കുകയും വിഹിതം തിരികെ നൽകുവാൻ തീരുമാനിക്കുകയും ചെയ്ത സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് ഈയിനത്തിലുള്ള പഞ്ചായത്തിന്റെ ബാദ്ധ്യത ഒഴിവാക്കേണ്ടതാണ്.

1-26 കന്നുകുട്ടിപരിപാലനം - അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കന്നുകുട്ടിപരിപാലനം എന്ന പ്രോജക്ടിനായി (നമ്പർ 16/22) വികസനഫണ്ടിൽ നിന്നും 325000/- രൂപ (ബിൽ നം.3/18.12.2021) പിൻവലിച്ച് അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം കോട്ടയത്തിന് നൽകിയിട്ടുണ്ട്. 52 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതമാണ് സബ്സിഡി നൽകിയത്. 1/22 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുണ്ട്. ക്ഷീരസംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ ശ്രീമതി ലീലാമണി ഡി.ആർ മാമലയിൽ, ശ്രീ ബെന്നി മാത്യു ആരിച്ചാലിൽ എന്നീ ഗുണഭോക്താക്കൾ 1/22 ൽ മാത്രമാണ് കാലിത്തീറ്റ വാങ്ങിയതെന്നു കാണുന്നു. കാലിത്തീറ്റ വിതരണത്തിന്റെ ആദ്യ മാസം തന്നെ ഗുണഭോക്താക്കൾ പ്രോജക്ടിൽ നിന്നും പിൻവാങ്ങിയിട്ടും അർഹമായ മറ്റ് ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 17/28.10.2022) നൽകുകയുണ്ടായി. കിടാരികളെ ആദ്യം എൻട്രോൾ ചെയ്ത് ഇൻഷ്വർ ചെയ്തതിനാൽ പുതിയ ഗുണഭോക്താക്കളെ ചേർക്കാനാവില്ലെന്നാണ് മറുപടി ലഭ്യമാക്കിയത്. അതിനാൽ രണ്ട് ഗുണഭോക്താക്കൾക്കായി ചെലവഴിച്ച് 12500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ വർഷങ്ങളിൽ ടി തുക ക്രമീകരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ്. പ്രോജക്ടിന്റെ നിർവ്വഹണകാലയളവ് കഴിയുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-27 വരുമാനസർട്ടിഫിക്കറ്റ് പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു

പ്രോജക്ട് നമ്പർ	17/22
പ്രോജക്ടിന്റെ പേര്, ഫണ്ടിനം	മുട്ടക്കോഴി വളർത്തൽ (വനിത) . വികസനഫണ്ട് (ജനറൽ)
ചെലവ്	149100/-
ബിൽ നമ്പർ , തീയതി	1/21-22 തീയതി 23.11.21 = 46200 4/21-22 തീയതി 22.1.22 = 60900 5/21-22 തീയതി 14.2.22 = 33300 7/21-22 തീയതി 30.3.22 = 8700
നിർവ്വഹണോദ്യാഗസ്ഥൻ	വെറ്ററിനറി സർജൻ

ജനറൽ വിഭാഗത്തിൽ പെടുന്ന 497 ഗുണഭോക്താക്കൾക്ക് മുട്ടക്കോഴികളെ വാങ്ങിയതിന് 300 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് (യൂണിറ്റ് കോസ്റ്റ് 600). ഒരു ഗുണഭോക്താവിന് 5 മുട്ടക്കോഴികളെ വീതമാണ് നൽകിയത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 (7) പ്രകാരം മുട്ടക്കോഴി വളർത്തൽ പദ്ധതിക്ക് ജനറൽ/പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	വാർഡ് നമ്പർ	അനുവദിച്ച സബ്സിഡി
1	മേഴ്സി തോമസ് , പനച്ചേകടിലിൽ	3	300
2	ലിസ്സി ആനാലിൽ	3	300
3	സുലോചനാദേവി, നടയമഠത്തിൽ	3	300
4	സരോജിനി ഹരിദാസ്, പുളിക്കൽ	2	300

5	ലക്ഷ്മികുട്ടി കണിയാംപറമ്പിൽ	4	300
6	എൽസി സാബു, വെട്ടുകല്ലേൽ	5	300
7	ഉഷാരാജു, മാച്ചേരിൽ	7	300
8	ഷേർളിരാജു, വള്ളോംകന്നേൽ	8	300
9	മേഴ്സി സിറിയക് , വലിയവീട്ടിൽ	8	300
10	ദീപാ മോഹനൻ, പുത്തേത്ത് പറമ്പിൽ	9	300
11	ശോഭനാസുകുമാരൻ, തടിയിൽപുത്തൻപുര	9	300
12	പ്രിയ രാജേഷ്, കിഴക്കേകപ്പടയിൽ	11	300
13	ഏലിയാമ്മാ മാത്യു , വെള്ളാരംകുഴിയിൽ	12	300
14	സുധാരാജൻ, പനച്ചിക്കാപ്പത്തിയിൽ	12	300
15	ഷീലാമധു, പേണ്ടാനത്ത്	13	300

497 ഗുണഭോക്താക്കൾക്ക് മുട്ടക്കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നമ്പർ 18/28.10.2022) നൽകിയിരുന്നു. മേൽ സൂചിത ഗുണഭോക്താക്കളുടെ വരുമാനം നേരിൽ അന്വേഷിച്ച് ബോദ്ധ്യപ്പെട്ടെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയത്. എന്നാൽ അപ്രകാരമൊരു സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. അതിനാൽ മേൽ സൂചിപ്പിച്ച 15 ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ നൽകിയ 4500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 പാനമുറിക്ക് ധനസഹായം- നിർമ്മാണം പൂർത്തിയാക്കിയില്ല.

പ്രോജക്ട് നമ്പർ	41/22
ചെലവ് , ഫണ്ടിനം	2,36,000/- , വികസനഫണ്ട് (എസ്.സി.പി)
ബിൽ നമ്പർ , തീയതി	4/ 16.9.21 = 50000 5/28.10.21 = 50000 7/9.11.21 = 136000/-
നിർവ്വഹണോദ്യോഗസ്ഥൻ	അസി. സെക്രട്ടറി

മേൽ പ്രോജക്ടിൽപ്പെടുത്തി തൻ വർഷം ചുവടെ ചേർക്കും പ്രകാരം വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്.

ഗുണഭോക്താവ്	കൈപ്പറ്റിയ തുക	വാല്യുവേഷൻ
അന്ന രാജ്കുമാർ , നിരപ്പിൽ	80000/-	80000/- പൂർത്തിയായില്ല
ആശാകൃഷ്ണൻ കെ.കെ	156000/-	156000/- പൂർത്തിയാക്കി.

അന്ന രാജ്കുമാർ, നിരപ്പിൽ എന്ന ഗുണഭോക്താവിന്റെ പാനമുറി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 9/27.10.2022) പാനമുറി പൂർത്തീകരണ ഘട്ടത്തിലാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താവ് പാനമുറി പൂർത്തിയാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്.

1-29 ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും അജൈവ മാലിന്യ സംസ്കരണവും

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി 2021-22 വർഷം താഴെ പറയും പ്രകാരം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട്നം.	പേര്	ചെലവ്	ഫണ്ടിനം
213/22	വയബിലിറ്റി ഗ്യാപ് ഫണ്ട്	100000	ധനകാര്യകമ്മീഷൻ ഗ്രാന്റ്
214/22	ഹരിത കർമ്മസേനയ്ക്ക് യൂണിഫോം മറ്റ് സാമഗ്രികൾ	58172	ധനകാര്യകമ്മീഷൻ ഗ്രാന്റ്
215/22	വാഹന വാടക	30000	ധനകാര്യകമ്മീഷൻ ഗ്രാന്റ്
	ആകെ	188172	

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും ഹരിത കർമ്മസേന രൂപീകരിക്കുകയും പ്രസ്തുത ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി വാഹന വാടക, ഓണറേറിയം, യൂണിഫോം, തുടങ്ങിയവയ്ക്കായി തൻവർഷം മുകളിൽ സൂചിപ്പിച്ച പ്രകാരം ചെലവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങളെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ചേർത്ത് ഹരിത കർമ്മസേന കൺസോർഷ്യം രൂപീകരിക്കുകയും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഹരിത കർമ്മസേന മുഖേന പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനായി ഓരോ വീടുകളിൽ നിന്നും 50 രൂപ വീതവും കടകളിൽ നിന്ന് 100 രൂപ വീതവും യൂസർ ഫീ ഇനത്തിൽ പിരിച്ചെടുക്കുന്നുണ്ട്. നിലവി® പിരിച്ചെടുക്കുന്ന തുകയി® 10% കോ® പ്പസ് ഫണ്ട് ആയി കോ® സോ® ഷ്യം അക്കൗണ്ടി® നിലനിർത്തുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കേണ്ടുന്ന പ്രതീക്ഷിത പ്രതിമാസ വരുമാനവും പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം വലിയ തോതിലുണ്ടെന്ന് കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതായി 29.09.2021 ലെ ജനറൽ കമ്മിറ്റിയിൽ ചർച്ച നടന്നിട്ടുള്ളതായി കാണുന്നു. ആയതിനാൽ യൂസർഫീ കളക്ഷൻ കൂടുതൽ കാര്യക്ഷമമാക്കേണ്ടതും ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിനായി സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിച്ച് പ്രവർത്തനം സുഗമമാക്കുന്നതിനുള്ള ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുമാണ്.

ഹരിത കർമ്മസേന അജൈവമാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള എം.സി.എഫ് മോനിപ്പള്ളിയിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സിന്റെ മൂന്നാമത്തെ നിലയിലാണ് പ്രവർത്തിക്കുന്നത്. പ്രാദേശിക പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിൽ നിറയെ ചാക്കിൽ കെട്ടിയ മാലിന്യങ്ങൾ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നതായി

കണ്ടു (ഫോട്ടോ ചുവടെ ചേർക്കുന്നു).





പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിന്റെ താഴത്തെ നിലകളിൽ സപ്ലൈകോ സൂപ്പർമാർക്കറ്റ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല മൂന്നാമത്തെ നിലയിൽ മാലിന്യങ്ങൾ എത്തിയ്ക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നതായും ബോദ്ധ്യപ്പെട്ടു. ക്ലീൻ കേരള കമ്പനി മുഖേന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കാല താമസം നേരിടുന്നതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ആയതിനാൽ അജൈവമാലിന്യങ്ങൾ വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പിക്കേണ്ടതും ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി യഥാസമയം മോണിട്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ സൗകര്യപ്രദമായ സ്ഥലത്ത് സ്ഥിരമായുള്ള എം.സി.എഫ് നിർമ്മാണം നടത്തുന്നതിനായി ഭരണസമിതിയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 വിനിയോഗവിവരം ലഭ്യമാകാത്ത ഡെപ്പോസിറ്റ് വർക്കുകൾ.

തൻവർഷം സെക്രട്ടറി നിർവ്വഹിച്ച വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ, പേര്	ഫണ്ടിനം	ബിൽ നമ്പർ / വൗച്ചർ നമ്പർതീയതി	സ്ഥാപനം	ചെലവ്, തുക(യു സി ലഭിക്കാനുള്ളത്)
1	33/22, ഐ.കെ.എം വിഹിതം	വികസനഫണ്ട് ജനറൽ	6/8.6.21	ഐ.കെ.എം	42788/-
2	159/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും പോസ്റ്റ് ഷിഫ്റ്റിംഗും	ധനകാര്യകമ്മീഷൻ ഗ്രാന്റ്	291/15.11.21	കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മരങ്ങാട്ടുപിള്ളി.	596093/-
3	259/22 കുടുംബക്ഷേമകേന്ദ്രങ്ങളെ ഫാമിലി സെന്ററുകളായി ഉയർത്തൽ.	സംരക്ഷണ ഗ്രാന്റ് റോഡിതരം	61/ 27.3.22	ജില്ലാ പ്രോഗ്രാം മാനേജർ, ആരോഗ്യകേരളം	16,62,319/-
4	121/22 അംഗൻവാടി നമ്പർ 59 നിർമ്മാണം.	വികസനഫണ്ട് ജനറൽ, തനത് ഫണ്ട്	49/10.2.22	മിഷൻ ഡയറക്ടർ എം.ജി.എൻ.ആർ.ഇ.ജി.എസ് തിരുവനന്തപുരം	1,87,000/-
	ആകെ				**24,88,200/-**

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതിലേക്കായി 24,88,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 ക്യാൻ കോട്ടയം, ഫിറ്റ് കോട്ടയം - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം., പേര്	192/22, ക്യാൻ കോട്ടയം, ഫിറ്റ് കോട്ടയം
ചെലവ്	100000
ഫണ്ടിനം	തനത് ഫണ്ട്
വൗച്ചർ നം.	22100807/16.11.21
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, KRNM ഹോസ്പിറ്റൽ, ഉഴവൂർ

മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം സ്വരൂപിച്ച് KMSCL ൽ ഡെപ്പോസിറ്റ് ചെയ്തുകൊണ്ട് പാലാ ജനറൽ ആശുപത്രിയിൽ കോബാൾട്ട് റേഡിയേഷൻ മെഷീൻ വാങ്ങുന്നതിന് ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി 100000 രൂപ മേൽ വൗച്ചർ പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/27.10.2022) വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-32 ബാരൽവിലയിനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കാത്തത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ടാർവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. തൻ വർഷം ഇത്തരത്തിൽ ലഭ്യമായ 300,451 രൂപ 350900199 Sales Proceeds -Asset എന്ന ശീർഷകത്തിൽ ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 എം ബുക്കുകളുടെ പരിപാലനത്തിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കായി വിനിയോഗിച്ച എം.ബുക്കുകളുടെ സ്റ്റോക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.പഞ്ചായത്ത് ഓഫീസിലെ എം ബുക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് & ഇഷ്യു രജിസ്റ്റർ പരിശോധിച്ചതിൽ, ബുക്കുകളുടെ വരവ്, ചെലവ് വിവരങ്ങൾ ഒരു പ്രത്യേകം രജിസ്റ്ററിൽ ചേർക്കുന്നതിന് പകരം, അച്ചടിച്ച് ലഭിക്കുന്ന എം ബുക്കുകൾ സ്റ്റോക്കിലെടുക്കുന്നതിന് ഒരു കോമൺ സ്റ്റോക്ക് രജിസ്റ്ററാണ് സൂക്ഷിയ്ക്കുന്നത്. ഓരോ ഇനത്തിലും മുൻബാക്കിയടക്കം ആകെ നീക്കിയിരിപ്പ് എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ഒരു രജിസ്റ്ററിൽ മാത്രമായി ചേർത്ത്, രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. എൻ.ആർ.ഇ.ജി.എസ് - എം ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന എം ബുക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് എൻ.ആർ.ഇ.ജി.എസ്-ഓഫീസിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽത്തന്നെ എത്ര ബുക്കുകൾ ലഭിച്ചെന്നോ, ഏതെല്ലാം ബുക്കുകൾ ഏതെല്ലാം പ്രവർത്തികൾക്കാണ് നൽകിയിരിക്കുന്നതെന്നോ, എത്ര എണ്ണം നീക്കിയിരിപ്പുണ്ടെന്നോ സംബന്ധിച്ച വിവരങ്ങളില്ല. ഓഫീസ് സ്റ്റോക്കിൽ നിന്നും വിതരണം ചെയ്ത അളവുപുസ്തകങ്ങൾക്ക് എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ കൃത്യമായ സ്റ്റോക്ക് സൂക്ഷിക്കാത്തതും, വിതരണം ചെയ്ത അളവുപുസ്തകങ്ങൾ ഏത് പ്രവൃത്തിക്ക് എന്ന് രേഖപ്പെടുത്താത്തതും അപാകതകളിൽ പ്രധാനപ്പെട്ടവയാണ്. എൻ.ആർ.ഇ.ജി.എസ് ഓഫീസിലെ അളവുപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതിത്തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-34 റെനുമ്പാറ ടൂറിസം പ്രോജക്ട്- ഭൂമി ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല, ആസ്തി സംരക്ഷണ പദ്ധതി -സംബന്ധിച്ച്

സ. ഉ. (കൈ) നം. 11/ത.സ്വ.ഭ.വ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്കുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ. എസ്. ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/ 2009/ത.സ്വ.ഭ.വ, തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ.വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി. ഒ.(ആർ. ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. 2021-22 വർഷം ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല.

1) ഗ്രാമപഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടില്ല. ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദ വിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല.

3) ഗ്രാമപഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിട്ടില്ല.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ സ്വീകരിച്ച സമീപന രേഖ.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനു വേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടു തന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു.

ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 അംഗൻവാടി നിർമ്മാണം - കമ്മറ്റി തീരുമാനങ്ങളുടെ തുടർനടപടി കൈക്കൊണ്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ (55-ാം നമ്പർ) പെരുന്താനം അംഗൻവാടി നിർമ്മാണത്തിനായി എൻ.ആർ.ഇ.ജി.എ, ഗ്രാമപഞ്ചായത്ത് (100000), ജില്ലാപഞ്ചായത്ത് (400000), ഐ.സി.ഡി.എസ് (500000) തുക വകയിരുത്തിയിട്ടുണ്ട്. മുൻവർഷത്തെ സ്പിൽഓവർ പ്രോജക്ടായിരുന്നു. എന്നാൽ ഓഡിറ്റ് വർഷവും പ്രസ്തുത അംഗൻവാടി നിർമ്മാണം ആരംഭിച്ചിട്ടില്ല. എൻ.ആർ.ഇ.ജി.എ ഫണ്ട് ലഭ്യമായതിന്റെ വിവരങ്ങൾ, അംഗൻവാടിയ്ക്ക് ലഭ്യമായ സ്ഥലം പോക്കു വരവ് ചെയ്ത് ആസ്തിയിൽ ചേർത്തതിന്റെ വിശദാംശങ്ങൾ, എന്നീ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/28.10.2022) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. (09.06.2021 ലെ 1/7 നമ്പർ തീരുമാനം). കൂടാതെ പന്ത്രണ്ടാം വാർഡിലെ കല്ലിട്ടുക്കി അംഗൻവാടി (59-ാം നമ്പർ) നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട തുടർനടപടികളുടെ വിശദാംശങ്ങൾ, അംഗൻവാടിയ്ക്ക് ലഭ്യമായ സ്ഥലം പോക്കു വരവ് ചെയ്ത് ആസ്തിയിൽ ചേർത്തതിന്റെ വിശദാംശങ്ങൾ എന്നിവയും ലഭ്യമാക്കിയിട്ടില്ല. (16.07.2021 ലെ 1/2 നമ്പർ തീരുമാനം). കമ്മറ്റി തീരുമാനങ്ങളുടെ തുടർനടപടികൾ കൈക്കൊണ്ട് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-36 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.

ഉഴവൂർ ഗ്രാമപഞ്ചായത്തിൽ സ.ഉ (സാധാ)നം. 1364/2020 തസ്വഭവ തീയതി 16.07.2020 പ്രകാരം ആയുർവേദ ആശുപത്രി കെട്ടിടത്തിൽ ഡിസിസിയും പ്രവർത്തിച്ചിരുന്നു. ഡിസിസി നടത്തിപ്പിനായി 433574 രൂപ 2021-22 വർഷം ഗ്രാമപഞ്ചായത്ത് കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിരുന്നു. 433574.00 രൂപ 29.04.2021 ലെ ഡി.എം. 1/61822/2020-ാം നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തുക
മാലിന്യ സംസ്കരണം	0
ട്രാൻസ്പോർട്ടേഷൻ	2550
കടിവെള്ളം	4380
സ്റ്റേഷനറി(മെഡിക്കൽ ഉൾപ്പെടെ)	123683
മൊബൈൽ ഫോൺ ചാർജിങ്ങ്	199
ക്ലീനിംഗ് & റിപ്പയർ	40012
ഭക്ഷണം	1115750
ഹോണറേറിയം	147000
വൈദ്യുതി ചാർജ്ജ്	0
ആകെ	**433574**

കോവിഡ് പ്രവർത്തന ഫണ്ട് നിക്ഷേപിക്കുന്നതിനായി ട്രഷറിയിൽ സ്പെഷ്യൽ TSB അക്കൗണ്ട് 18/08/21 ൽ തുടങ്ങിയെങ്കിലും പ്രസ്തുത അക്കൗണ്ടിലൂടെ പണമിടപാട് നടത്തിയിരുന്നില്ല. 2021-22 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രസീത് മുഖേന സംഭാവന ശേഖരിച്ചിരുന്നില്ല. സാധന സാമഗ്രികളായാണ് സംഭാവനകൾ കൂടുതലും ലഭ്യമായത്. ഇതുസംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

മൊത്തം വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2021-2022	27.05.2022	27.10.2022

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച തീയതി	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ	15.09.2021 17.03.2022	160000 200000	33/22 ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - ജനറൽ	160000 200000	0
ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ	28.09.2021	200000	25/22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	200000	
ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ	28.09.2021 22.01.2022	34000 22500	26/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്എസ് സി	34000 22500	0
ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ	24.09.2021	651000	34/22ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം SC	651000	0
ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ	5.01.2022	35956	35/22 ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - എസ്സ്.റ്റി	35956	0
ബ്ലോക്ക് പഞ്ചായത്ത് ഉഴവൂർ	26.10.2021	150802	31/22 ക്ഷീര കർഷകർക്ക് പാൽ ഇൻസെന്റിവ്	150802	0
ആകെ		**1454258**		**1454258**	
ജില്ലാ പഞ്ചായത്ത്, കോട്ടയം	09.11.2021	951500	34/22ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം SC	951500	0
ജില്ലാ പഞ്ചായത്ത്, കോട്ടയം	26.08.2021	336000	25/22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	336000	0
ജില്ലാ പഞ്ചായത്ത്, കോട്ടയം	23.11.2021	60000	35/22 ലൈഫ് മിഷൻ ഭവന നിർമ്മാണത്തിന് ധനസഹായം - എസ്സ്.റ്റി	60000	0
ജില്ലാ പഞ്ചായത്ത്,	08.02.2022	300000	31/22 ക്ഷീര കർഷകർക്ക് പാൽ	300000	

കോട്ടയം			ഇൻസെന്റിവ്		
ജില്ലാ പഞ്ചായത്ത്, കോട്ടയം	05.08.2021	240799	24/22 അംഗൻവാടി അന്നപൂരക പോഷകാഹാരം	240799	
	ആകെ	**1888299**			**0**

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ എസ് ഇ ബി	124/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും പോസ്റ്റ് സ്ഥാപിക്കലും	60/20-21 29.03.2021	675478	675478	0

4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	ആകെ വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം വരവ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
കെ.യു.ആർ.ഡി.എഫ്.സി	ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018	5213486	4245486	-	748000		3497486

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതും ഉഴവൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിയ്ക്കുന്നതുമായ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
പ്രവർത്തന ക്ഷമതാ റിപ്പോർട്ട്		2012-13	3-1-5	തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. തീർപ്പാക്കിയിട്ടില്ല
2014-15	2-1, 2-4	2016-17	അനുബന്ധം 3	വസ്തുനികുതി	
2014-15	2-2, 2-3	2016-17	അനുബന്ധം 4	തൊഴിൽനികുതി	
2015-16	2-7	2016-17	അനുബന്ധം 5	തൊഴിൽനികുതി	

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	79455392
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	60697414
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2840511

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	164463	ഡോ.ശാലിനി ശിവദാസ്, മെഡിക്കൽ ഓഫീസർ- ഹോമിയോ
1-18	15000	ശ്രീമതി സൂസി വർഗ്ഗീസ് ഹെഡ്മിസ്ട്രസ്സ് , ജി.എ® .പി.എസ്.മോനിപ്പള്ളി
1-19	20000	ശ്രീമതി സൂസി വർഗ്ഗീസ് ഹെഡ്മിസ്ട്രസ്സ് , ജി.എ® .പി.എസ്.മോനിപ്പള്ളി
1-20	24000	ഡോ.ശ്രീനാഥ് ഡി എസ്, വെറ്ററിനറി സ® ജ®
1-22	11848	ഡോ.ജെസ്സി ജോയി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, KRNM ഹോസ്പിറ്റൽ, ഉഴവൂർ
1-26	12500	ഡോ.ശ്രീനാഥ് ഡി എസ്, വെറ്ററിനറി സ® ജ®
1-27	4500	ഡോ.ശ്രീനാഥ് ഡി എസ്, വെറ്ററിനറി സ® ജ®
1-30	42788 2445412	ശ്രീ.അനിൽകുമാർ റ്റി എസ്, സെക്രട്ടറി ഇൻ ചാർജ്ജ് ശ്രീ.സുനിൽ എസ്, സെക്രട്ടറി
1-31	100000	ഡോ.ജെസ്സി ജോയി സെബാസ്റ്റ്യൻ മെഡിക്ക® ഓഫീസ® , കെ.ആ® .എ® .എം.ആശുപത്രി, ഉഴവൂ®
ആകെ	2840511	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	ഖണ്ഡികകളുടെ എണ്ണം
1998-99	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2018/222(2)/18/08.02.2018	1
1999-2000, 2001-02(പ്ലാൻ)	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/98(2)/22/02.08.2022	3
2003-04	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/98(3)/22/02.08.2022	1
2007-08	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/98(6)/22/02.08.2022	1
2009-10, 2010-11	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1122/22/02.08.2022	7
2011-12	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1121/22/02.08.2022	5
2012-13	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1123/22/02.08.2022	7
2013-14, 2014-15	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1118/22/02.08.2022	6
2015-16	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1119/22/02.08.2022	4
2016-17	കെ.എസ്.എ-കെ.ടി.എം.പി4/ അദാ-2022/1120/22/02.08.2022	5
2017-18	കെ.എസ്.എ-കെ.ടി.എം.പി.4/1848/19/24.04.2019	22
2018-19	കെ.എസ്.എ-കെ.ടി.എം.പി.4/107/2020/08.06.2020	29
2019-20	കെ.എസ്.എ-കെ.ടി.എം.പി.4/1380/21/23.03.2022	9
2020-21	കെ.എസ്.എ-കെ.ടി.എം.പി.4/1381/21/23.03.2021	17

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്